entri

Monthly

# Current Affairs

August 2025



# INDEX


- ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ
- ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓഫ് മെൽബൺ 2025
- സിൻസിനാറ്റി ഓപ്പൺ 2025
- വിയോഗം - പ്രൊഫ. എം.കെ. സാനു
- ലോകം
- ഇന്ത്യ
- കേരളം
- കായികം
- സാഹിത്യം
- മറ്റ് പുരസ്കാരങ്ങൾ
- ശാസ്ത്ര സാങ്കേതിക മേഖല
- ഇന്ത്യ - പദ്ധതികൾ
- കേരളം - പദ്ധതികൾ
- സിനിമ
- നിയമനങ്ങൾ
- വിയോഗം
- സൈനികാഭ്യാസം
- വേദികൾ
- പ്രധാന ദിനങ്ങൾ

## ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ

- 71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ
- 2023-ൽ സെൻസർ ചെയ്ത ചിത്രങ്ങൾക്കുള്ള പുരസ്കാരങ്ങളാണ് പ്രഖ്യാപിച്ചത്.
- ജൂറി ചെയർമാൻ - അശുതോഷ് ഗൊവാരികർ
- ജൂറിയിൽ അംഗമായ മലയാളി സംവിധായകൻ - പ്രദീപ് നായർ
- മികച്ച ചിത്രം - ട്വൽത്ത് ഫെയിൽ (സംവിധാനം - വിധു വിനോദ് ചോപ്ര)
- മികച്ച മലയാള ചിത്രം - ഉള്ളൊഴുക്ക് (സംവിധാനം - ക്രിസ്റ്റോ ടോമി)
- മികച്ച സംവിധായകൻ - സുദിപ്തോ സെൻ (ചിത്രം - ദി കേരള സ്റ്റോറി)
- മികച്ച നടൻ - ഷാരൂഖ് ഖാൻ (ചിത്രം - ജവാൻ), വിക്രാന്ത് മാസി (ചിത്രം - ട്വൽത്ത് ഫെയിൽ)
- മികച്ച നടി - റാണി മുഖർജി (ചിത്രം - മിസിസ് ചാറ്റർജി വേഴ്സസ് നോർവേ)
- മികച്ച സഹനടൻ - വിജയരാഘവൻ (ചിത്രം - പൂക്കാലം), എം.എസ്. ഭാസ്കർ (ചിത്രം - പാർക്കിങ്)
- മികച്ച സഹനടി - ഉർവശി (ചിത്രം - ഉള്ളൊഴുക്ക്), ജാനകി ബൊധിവാല (ചിത്രം - വശ്)
- മികച്ച തിരക്കഥ - സായ് രാജേഷ്, രാംകുമാർ ബാലകൃഷ്ണൻ (ചിത്രം - പാർക്കിങ്)
- മികച്ച ഛായാഗ്രാഹകൻ - പ്രസന്ദനു മോഹപത്ര (ചിത്രം - ദി കേരള സ്റ്റോറി)
- മികച്ച സംഗീതസംവിധായകൻ - ജിവി പ്രകാശ് കുമാർ (ചിത്രം - വാത്തി)

- മികച്ച പശ്ചാത്തല സംഗീതം - ഹർഷവർധൻ രാമേശ്വർ (ചിത്രം - അനിമൽ)
- മികച്ച പ്രൊഡക്ഷൻ ഡിസൈനർ - മോഹൻദാസ് (ചിത്രം - 2018)
- മികച്ച എഡിറ്റിങ്ങ് - മിഥുൻ മുരളി (ചിത്രം - പൂക്കാലം)
- മികച്ച ഗായിക - ശിൽപ റാവു (ചിത്രം - ജവാൻ)
- മികച്ച ഗായകൻ - പിവിഎൻഎസ് രോഹിത് (ചിത്രം - ബേബി)
- റീ റെക്കോർഡിങ് (പ്രത്യേക ജൂറി പരാമർശം) - എം.ആർ രാജകൃഷ്ണൻ (ചിത്രം - അനിമൽ)
- നോൺ ഫീച്ചർ ഫിലിം വിഭാഗത്തിൽ പ്രത്യേക പരാമർശം ലഭിച്ച മലയാളം ഡോക്യുമെന്ററി ഫിലിം - നെകൽ: നെല്ലുമനുഷ്യന്റെ കഥ (Nekal - Chronicle of The Paddy Man)
  - ➔ മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ എം.കെ രാംദാസ് ആണ് ചിത്രത്തിന്റെ സംവിധായകൻ.
  - ➔ വയനാട്ടിൽ നിന്നും അന്യം നിന്നുപോയ നൂറിൽപ്പരം പാരമ്പര്യ നെൽവിത്തുകളിൽ നിന്നും 32 ഇനത്തെ വരും തലമുറക്കായി സംരക്ഷിക്കുന്ന ചെറുവയൽ രാമന്റെ ജീവിതം ആണ് 'നെകൽ: നെല്ലുമനുഷ്യന്റെ കഥ' എന്ന ഡോക്യു ഫിലിം പറയുന്നത്.

**<u>ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓഫ് മെൽബൺ 2025</u>**

- 2025ലെ ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓഫ് മെൽബൺ (IFFM 2025) അവാർഡ്സിൽ മികച്ച നടനുള്ള പുരസ്കാരത്തിന് അർഹാനയത് - അഭിഷേക് ബച്ചൻ
  - ➔ I Want To Talk എന്ന ചിത്രത്തിലെ അഭിനയത്തിനാണ് അഭിഷേക് ബച്ചന് മികച്ച നടനുള്ള പുരസ്കാരം ലഭിച്ചത്.
- 2025ലെ ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓഫ് മെൽബൺ (IFFM 2025) അവാർഡ്സിൽ മികച്ച നടിക്കുള്ള പുരസ്കാരത്തിന് അർഹയായത് - ഗീത കൈലാസം
  - ➔ അങ്കമ്മൽ എന്ന ചിത്രത്തിലെ അഭിനയത്തിനാണ് ഗീത കൈലാസത്തിന് മികച്ച നടിക്കുള്ള പുരസ്കാരം ലഭിച്ചത്.
- 2025ലെ ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓഫ് മെൽബൺ (IFFM 2025) അവാർഡ്സിൽ വെബ് സീരീസ് വിഭാഗത്തിൽ മികച്ച നടിക്കുള്ള പുരസ്കാരത്തിന് അർഹായായത് - നിമിഷ സജയൻ

➔ ഡബ്ബ കാർട്ടലിലെ അഭിനയത്തിനാണ് നിമിഷ സജയന് മികച്ച നടിക്കുള്ള പുരസ്കാരം ലഭിച്ചത്.

**<u>സിൻസിനാറ്റി ഓപ്പൺ 2025</u>**

- പുരുഷ സിംഗിൾസ് കിരീട ജേതാവ് - കാർലോസ് അൽകറാസ്
  - ➔ ഇറ്റലിയുടെ ജാനിക് സിന്നർ ഫൈനലിലെ ആദ്യ സെറ്റിൽ പിന്മാറിയതിനെ തുടർന്ന് സ്പെയിനിന്റെ കാർലോസ് അൽക്കരാസ് കിരീടം സ്വന്തമാക്കി.
- വനിതാ സിംഗിൾസ് കിരീട ജേതാവ് - ഇഗ സ്വിയാടെക്
  - ➔ ഫൈനലിൽ ഇറ്റലിയുടെ ജാസ്മിൻ പൗളിനിയെ പരാജയപ്പെടുത്തിയാണ് പോളണ്ടിന്റെ ഇഗ സ്വിയാറ്റെക് കിരീടം സ്വന്തമാക്കിയത്.

**<u>വിയോഗം - പ്രൊഫ. എം.കെ. സാനു</u>**

- 2025 ആഗസ്റ്റിൽ അന്തരിച്ച എഴുത്തുകാരനും, സാഹിത്യ വിമർശകനും, അധ്യാപകനുമായ വ്യക്തി - പ്രൊഫ. എം.കെ. സാനു
  - ➔ ആലപ്പുഴ ജില്ലയിലെ തുമ്പോളിയിൽ 1928 ഒക്ടോബർ 27 ന് എം.സി. കേശവന്റെയും കെ.പി. ഭവാനിയുടെയും മകനായി ജനിച്ചു.
  - ➔ 1958-ൽ 'അഞ്ചു ശാസ്ത്ര നായകന്മാർ' എന്ന ആദ്യഗ്രന്ഥം പ്രസിദ്ധീകരിച്ചു.
  - ➔ 1986-ൽ പുരോഗമന സാഹിത്യസംഘം പ്രസിഡണ്ടായി നിയമിതനായി.
  - ➔ 1987-ൽ എറണാകുളം നിയമസഭാ മണ്ഡലത്തിൽ നിന്നും ഇടതുപക്ഷ സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിച്ചു.
  - ➔ ആത്മകഥ : കർമഗതി
  - ➔ 1985 : നിരൂപണ-പഠനസാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം (പുസ്തകം-അവധാരണം)
  - ➔ 1992 : വയലാർ അവാർഡ് (പുസ്തകം-ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം)
  - ➔ 2002 : കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനക്കുള്ള പുരസ്കാരം

- 2010 : കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരസ്കാരം
- 2011 : പത്മപ്രഭ സാഹിത്യ പുരസ്കാരം
- 2011 : കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം (പുസ്തകം - ബഷീർ: ഏകാന്തവീഥിയിലെ അവധൂതൻ)
- 2013 : എഴുത്തച്ഛൻ പുരസ്കാരം

പ്രധാന കൃതികൾ :

- പ്രഭാതദർശനം
- സഹോദരൻ കെ അയ്യപ്പൻ
- മലയാള സാഹിത്യ നായകന്മാർ - കുമാരനാശാൻ
- അശാന്തിയിൽ നിന്ന് ശാന്തിയിലേക്ക് - ആശാൻ പഠനത്തിന് ഒരു മുഖവുര
- മൃത്യുഞ്ജയം കാവ്യജീവിതം
- ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം (ജീവചരിത്രം)
- യുക്തിവാദി എം.സി. ജോസഫ് (ജീവചരിത്രം)
- ബഷീർ: ഏകാന്തവീഥിയിലെ അവധൂതൻ (ജീവചരിത്രം)
- അസ്തമിക്കാത്ത വെളിച്ചം (ആൽബർട്ട് ഷ്വെറ്റ്സറുടെ ജീവചരിത്രം)
- ഉറങ്ങാത്ത മനീഷി (പി.കെ. ബാലകൃഷ്ണന്റെ ജീവചരിത്രം)
- കുമാരനാശാന്റെ നളിനി - വിശുദ്ധാനുരാഗത്തിൽ തെളിയുന്ന ദിവ്യദീപ്തി
- മോഹൻലാൽ - അഭിനയ കലയിലെ ഇതിഹാസം
- നാരായണ ഗുരുസ്വാമി
- അയ്യപ്പപ്പണിക്കരും അയ്യപ്പപ്പണിക്കരും

# ലോകം

- പതിറ്റാണ്ടുകൾ നീണ്ട യുദ്ധത്തിനൊടുവിൽ 2025 ആഗസ്റ്റിൽ സമാധാന ഉടമ്പടിയിൽ ഒപ്പു വെച്ച രാജ്യങ്ങൾ - അർമേനിയ,അസർബൈജാൻ
    - ട്രംപിന്റെ മധ്യസ്ഥതയിൽ വൈറ്റ് ഹൗസിൽ നടന്ന ചടങ്ങിലാണ് സുപ്രധാന സമാധാന കരാറിൽ ഇരുരാജ്യങ്ങളും ഒപ്പുവെച്ചത്.

- ഏഷ്യയിലെ ഏറ്റവും നീളം കൂടിയ ചരക്ക് തീവണ്ടി - രുദ്രാസ്ത്ര
    - 4.5 കിലോമീറ്റർ നീളമുള്ള ആകെ 345 വാഗണുകൾ ഉൾപ്പെടുന്ന ചരക്ക് തീവണ്ടിയാണ് രുദ്രാസ്ത്ര.
    - 2025 ആഗസ്റ്റിൽ ഇന്ത്യൻ റെയിൽവേ രുദ്രാസ്ത്രയുടെ പരീക്ഷണ ഓട്ടം വിജയകരമായി നടത്തി.

- 2025 ആഗസ്റ്റിൽ ലോകാരോഗ്യ സംഘടന (WHO) ആഫ്രിക്കൻ ട്രൈപനോസോമിയാസിസ് (HAT) എന്ന രോഗത്തിൽ നിന്ന് മുക്തമായതായി പ്രഖ്യാപിച്ച രാജ്യം - കെനിയ
    - രക്തത്തിലെ പരാദമായ ട്രൈപനോസോമ ബ്രൂസി മൂലമുണ്ടാകുന്ന ഒരു രോഗമാണ് ആഫ്രിക്കൻ ട്രൈപനോസോമിയാസിസ്.
    - രോഗബാധിതരായ മനുഷ്യരിൽ നിന്നോ മൃഗങ്ങളിൽ നിന്നോ പരാദങ്ങളെ സ്വീകരിച്ച ടെസ്റ്റ്സി ഈച്ചകൾ മൂലമാണ് ഇത് മനുഷ്യരിലേക്ക് പകരുന്നത്.
    - സ്ലീപ്പിങ് സിക്നെസ്സ് എന്നും ട്രൈപനോസോമിയാസിസ് അറിയപ്പെടുന്നു.
    - ട്രൈപനോസോമിയാസിസിൽ നിന്ന് മോചിതമായ
    - പത്താമത്തെ രാജ്യമാണ് കെനിയ.

- ചരിത്രത്തിൽ ആദ്യമായി മിസ് യൂണിവേഴ്സ് മത്സരത്തിൽ പലസ്തീനെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന വ്യക്തി - നദീൻ അയ്യൂബ്
  - ➔ 2025ൽ തായ്ലൻഡിൽ നടക്കുന്ന മിസ് യൂണിവേഴ്സ് മത്സരത്തിലാണ് നദീൻ അയ്യൂബ് പലസ്തീനെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നത്.

- 2025 ആഗസ്റ്റിൽ പൊട്ടി തെറിച്ച ഷിൻമോഡേക്ക് അഗ്നിപർവ്വതം സ്ഥിതി ചെയ്യുന്ന രാജ്യം - ജപ്പാൻ

- ഫ്രാൻസുമായി സഹകരിച്ച് ചരിത്രത്തിലാദ്യമായി വടക്കൻ അറ്റ്ലാന്റിക് സമുദ്രത്തിൽ 5 കിലോമീറ്റർ ആഴത്തിലേക്ക് 'ജലയാത്രികരെ' (അക്വാനോട്ട്) അയച്ച ഇന്ത്യയുടെ സമുദ്ര ദൗത്യത്തിന്റെ ഭാഗമായ ജലപേടകം - നോട്ടീൽ

- മൈനർ ബസിലിക്ക പദവിയിലേക്ക് ഉയർത്തപ്പെട്ട 'ഔവർ ലേഡി ഓഫ് അറേബ്യ' ദേവാലയം സ്ഥിതി ചെയ്യുന്ന രാജ്യം - കുവൈറ്റ്
  - ➔ മൈനർ ബസിലിക്ക എന്ന പദവി ലഭിക്കുന്ന ഗൾഫിലെ ആദ്യ ദേവാലയമാണ് ഔവർ ലേഡി ഓഫ് അറേബ്യ.

- അധികാരത്തിലിരിക്കേ സർക്കാർ ഫണ്ട് ദുർവിനിയോഗം ചെയ്തെന്ന കേസിൽ 2025 ആഗസ്റ്റിൽ അറസ്റ്റിലായ ശ്രീലങ്കൻ മുൻ പ്രസിഡന്റ് - റനിൽ വിക്രമസിംഗെ
  - ➔ ശ്രീലങ്കയിൽ അറസ്റ്റിലാകുന്ന ആദ്യ മുൻ പ്രസിഡന്റാണ് റനിൽ വിക്രമസിംഗെ.
  - ➔ 2023 സെപ്തംബറിൽ ഭാര്യ പ്രൊഫസർ മൈത്രിയുടെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കാനായി ഇംഗ്ലണ്ടിലേക്ക് പോകാൻ സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്തുവെന്നാണ് വിക്രമസിംഗെയ്ക്കെതിരെ ചുമത്തിയിരിക്കുന്ന കുറ്റം.

- കേംബ്രിഡ്ജ് ഡിക്ഷ്ണറിയിൽ ഉൾപ്പെട്ട, സ്കിബിഡി ടോയ്‌ലെറ്റ് എന്ന യൂ ട്യൂബ് പരമ്പരയിലൂടെ പ്രശസ്തമായ വാക്ക് - സ്കിബിഡി

- ഇന്ത്യ-ഇറ്റലി നാവിക സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2025 ആഗസ്റ്റിൽ ഇറ്റലി സന്ദർശിച്ച ഇന്ത്യൻ നാവികസേന കപ്പൽ - ഐഎൻഎസ് തമാൽ

- വായനകുറഞ്ഞതിനാൽ പുസ്തകനികുതി ഒഴിവാക്കാൻ തീരുമാനിച്ച രാജ്യം - ഡെൻമാർക്ക്

- 2025 ആഗസ്റ്റിൽ ലോകാരോഗ്യ സംഘടന (WHO) റുബെല്ല എന്ന രോഗത്തിൽ നിന്ന്  മുക്തമായതായി പ്രഖ്യാപിച്ച രാജ്യം - നേപ്പാൾ
  - ➔ ജർമ്മൻ മീസിൽസ് അല്ലെങ്കിൽ ത്രീ-ഡേ മീസിൽസ് എന്നും അറിയപ്പെടുന്ന റുബെല്ല ഒരു പകർച്ചവ്യാധി വൈറൽ രോഗമാണ്.

# ഇന്ത്യ

- 170 മണിക്കൂർ തുടർച്ചയായി ഭരതനാട്യം അവതരിപ്പിച്ച് ലോക റെക്കോർഡ് സ്വന്തമാക്കിയ ഇന്ത്യൻ നർത്തകി - റെമോണ എവെറ്റ് പെരേര

- കരസേനയുടെ വിവിധ യൂണിറ്റുകളെ കോർത്തിണക്കി രൂപീകരിക്കുന്ന സേന - രുദ്ര ബ്രിഗേഡ്
  - ➔ രുദ്ര ബ്രിഗേഡ് എന്നത് ഇന്ത്യൻ കരസേനയുടെ വിവിധ തന്ത്രപരമായ യൂണിറ്റുകളെ (infantry, artillery, armored corps, engineers, signals, etc.) സമന്വയിപ്പിച്ചുള്ള ഒരു സർവാംഗസേനാ ആണ്.

- അതിർത്തിയിലെ സേനാനീക്കങ്ങൾക്കായി പുതുതായി രൂപീകരിക്കുന്ന ലൈറ്റ് കമാൻഡോ ബറ്റാലിയൻ - ഭൈരവ്

- ഇന്ത്യയിലെ ആദ്യത്തെ ഓഫ്-ഗ്രിഡ് 5 മെഗാവാട്ട് ഗ്രീൻ ഹൈഡ്രജൻ പൈലറ്റ് പ്ലാന്റ് നിലവിൽ വന്നത് - കച്ച്, ഗുജറാത്ത്

- ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയമായി നിർമ്മിച്ച 1 മെഗാവാട്ട് ഗ്രീൻഹൈഡ്രജൻ പ്ലാന്റ് നിലവിൽ വന്നത് - കാണ്ട്ല തുറമുഖം, ഗുജറാത്ത്

- ഇന്ത്യയിലെ ആദ്യത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത അംഗൻവാടി നിലവിൽ വന്ന സംസ്ഥാനം - മഹാരാഷ്ട്ര
  - ➔ ഇന്ത്യയിലെ ആദ്യത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത അംഗൻവാടി നാഗ്പൂർ ജില്ലയിൽ മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് ഉദ്ഘാടനം ചെയ്തു.

- ഇന്ത്യൻ സൈന്യത്തിന്റെ 'ഡ്രോൺ പ്രഹാർ' എന്ന ഹൈടെക് അഭ്യാസത്തിന് വേദിയായ സംസ്ഥാനം - അരുണാചൽ പ്രദേശ്

- ഇന്ത്യയുടെ ഹരിത വിപ്ലവത്തിന്റെ ശില്പിയായ ഡോ.എം.എസ് സ്വാമിനാഥന്റെ ജന്മദിനമായ ആഗസ്റ്റ് 07 സുസ്ഥിര കാർഷിക ദിനമായി ആചരിക്കാൻ തീരുമാനിച്ച സംസ്ഥാനം - മഹാരാഷ്ട്ര

- പെൺകുട്ടികൾക്കായി ഇന്ത്യയിലെ ആദ്യത്തെ ഫിഫ ടാലന്റ് അക്കാദമി നിലവിൽ വരുന്ന സംസ്ഥാനം - തെലങ്കാന
  - ➔ ഗച്ചിബൗളി സ്റ്റേഡിയം കോംപ്ലക്സിൽ പെൺകുട്ടികൾക്കായി ഇന്ത്യയിലെ ആദ്യത്തെ ഫിഫ ടാലന്റ് അക്കാദമി

ആരംഭിക്കുന്നതിനുള്ള ധാരണാപത്രത്തിൽ 2025 ആഗസ്റ്റിൽ ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷനും (എഐഎഫ്എഫ്) തെലങ്കാന സർക്കാരും ഒപ്പുവച്ചു.

- 2025 ആഗസ്റ്റിൽ ഇന്ത്യ സന്ദർശിച്ച ഫിലിപ്പീൻസ് പ്രസിഡന്റ് - ഫെർഡിനാൻഡ് റോമാൽഡെസ് മാർക്കോസ് ജൂനിയർ

- അസം അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (എഎയു) വികസിപ്പിച്ചെടുത്ത പർപ്പിൾ നിറത്തിലുള്ള നെല്ലിനം - ലബന്യ

- ഏറ്റവും കൂടുതൽ കാലം ഇന്ത്യയുടെ ആഭ്യന്തര മന്ത്രിയായിരുന്ന വ്യക്തി എന്ന റെക്കോർഡ് സ്വന്തമാക്കിയത് - അമിത് ഷാ
    - കേന്ദ്ര ആഭ്യന്തര മന്ത്രി സ്ഥാനത്ത് 2,258 ദിവസങ്ങൾ പൂർത്തിയാക്കിയാതോടെയാണ് അമിത് ഷാ ഈ നേട്ടം സ്വന്തമാക്കിയത്.
    - എൽ.കെ. അദ്വാനിയുടെ റെക്കോർഡ് ആണ് അമിത് ഷാ മറികടന്നത്.

- സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി സുരക്ഷാ നടപടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രാജ്യത്തിന്റെ അതിർത്തികളിൽ അതിർത്തി സുരക്ഷാ സേന (ബിഎസ്എഫ്) ആരംഭിച്ച ഓപ്പറേഷൻ - ഓപ്പറേഷൻ അലേർട്ട്

- വിയറ്റ്നാമീസ് ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ വിൻഫാസ്റ്റിന്റെ ഇന്ത്യയിലെ ആദ്യത്തെ നിർമ്മാണ പ്ലാന്റ് നിലവിൽ വന്നത് - തൂത്തുക്കുടി, തമിഴ്നാട്

- 2025 ആഗസ്റ്റിൽ മിന്നൽ പ്രളയം ഉണ്ടായ ജമ്മു കാശ്മീരിലെ ഗ്രാമം - ചഷോത്തി

- 2025 ആഗസ്റ്റിൽ ബംഗളൂരു നമ്മ മെട്രോ യെല്ലോ ലൈൻ ഉദ്ഘാടനം ചെയ്തത് - നരേന്ദ്ര മോദി (ഇന്ത്യൻ പ്രധാനമന്ത്രി)

- പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യ നിയമസഭാമന്ദിരം - ഡൽഹി നിയമസഭ

- ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ സ്വാതന്ത്ര്യദിന പ്രസംഗം നടത്തിയ പ്രധാനമന്ത്രി - നരേന്ദ്ര മോദി
  - ➔ നരേന്ദ്ര മോദിയുടെ 103 മിനിറ്റ് നീണ്ടുനിന്ന സ്വാതന്ത്ര്യദിന പ്രസംഗമാണ് റെക്കോർഡ് സ്വന്തമാക്കിയത്.

- 2025 ഡിസംബർ 12 മുതൽ 15 വരെ നീണ്ടുനിൽക്കുന്ന ലയണൽ മെസ്സിയുടെ ഇന്ത്യ സന്ദർശനത്തിന് സംഘാടകർ നൽകിയ പേര് - ഗോട്ട് ടൂർ ഓഫ് ഇന്ത്യ

- ആന്റി- ഡ്രോൺ സർവൈലൻസ് ആൻഡ് ന്യൂട്രലൈസേഷൻ സിസ്റ്റം സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ തുറമുഖം - കാണ്ട്‌ല തുറമുഖം, ഗുജറാത്ത്
  - ➔ പാകിസ്ഥാനുമായുള്ള അന്താരാഷ്ട്ര അതിർത്തിയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഗുജറാത്തിലെ കച്ച് ജില്ലയിലെ പ്രധാനപ്പെട്ട തുറമുഖമാണ് കാണ്ട്‌ല.

- 2025 ആഗസ്റ്റ് 20 ന് ലോക്സഭയിൽ ഭരണഘടന (130-ാമത് ഭേദഗതി) ബിൽ, 2025 അവതരിപ്പിച്ചത് - അമിത് ഷാ (കേന്ദ്ര ആഭ്യന്തര മന്ത്രി)
  - ➔ ഗുരുതരമായ ക്രിമിനൽ കുറ്റകൃത്യങ്ങളുടെ പേരിൽ അറസ്റ്റ് ചെയ്യപ്പെടുകയും തടങ്കലിൽ വയ്ക്കുകയും ചെയ്താൽ പ്രധാനമന്ത്രിയെയോ, ഒരു സംസ്ഥാന മുഖ്യമന്ത്രിയെയോ, കേന്ദ്രത്തിലോ സംസ്ഥാന സർക്കാരിലോ ഉള്ള

മറ്റേതെങ്കിലും മന്ത്രിയെയോ നീക്കം ചെയ്യാൻ ബിൽ വ്യവസ്ഥ ചെയ്യുന്നു.

- അതിർത്തി കടന്നുള്ള മയക്കുമരുന്ന് കള്ളക്കടത്ത് തടയാൻ 'ബാജ് ആഖ്' ആന്റി-ഡ്രോൺ സിസ്റ്റം ആരംഭിച്ച സംസ്ഥാനം - പഞ്ചാബ്

- 2025 ആഗസ്റ്റിൽ മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ ചൈനീസ് വിദേശകാര്യ മന്ത്രി - വാങ് യി

- വോട്ടുകവർച്ച ചൂണ്ടിക്കാട്ടി 2025 ഓഗസ്റ്റിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നടത്തുന്ന യാത്ര - വോട്ടർ അധികാർ യാത്ര

- ലഹരിമരുന്നുകളുടെ കള്ളക്കടത്ത് തടയുന്നതിന്റെ ഭാഗമായി 2025 ആഗസ്റ്റിൽ രാജ്യത്തെ വിവിധ നഗരങ്ങളിൽ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് (ഡിആർഐ) നടത്തിയ പരിശോധന - ഓപ്പറേഷൻ വീഡ്ഔട്ട് (Operation WeedOut)

# കേരളം

- പരോക്ഷനികുതി സംവിധാനത്തിൽ 'ഫേസ് ലെസ്സ് അഡ്ജുഡിക്കേഷൻ' നടപ്പാക്കിയ ആദ്യ സംസ്ഥാനം - കേരളം
    - ഓഗസ്റ്റ് 1ന് നിലവിൽ വന്ന ഫേസ് ലെസ്സ് അഡ്ജുഡിക്കേഷൻ സംവിധാനത്തിലൂടെ അഡ്ജുഡിക്കേറ്റിങ് അതോറിറ്റിയും ടാക്സ് പേയറും മുഖാമുഖം കാണാതെ, മുഴുവൻ പ്രക്രിയകളും ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെയും,

ഇ-കമ്മ്യൂണിക്കേഷനിലൂടെയും നികുതി നിർണ്ണയം സാധ്യമാക്കുന്നു.

- സബ് രജിസ്ട്രാർ ഓഫീസുകളിലെ അഴിമതി കണ്ടെത്താൻ വിജിലൻസ് നടത്തിയ പരിശോധന - ഓപ്പറേഷൻ സെക്വർ ലാൻഡ്

- 71-ാമത് നെഹ്റുട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം - വള്ളം തുഴഞ്ഞ് നീങ്ങുന്ന കാക്കത്തമ്പുരാട്ടി

- സാനിട്ടറി നാപ്കിന്നിൽ നിന്ന് വൈദ്യുതി ഉണ്ടാക്കുന്ന കേരളത്തിലെ ആദ്യ പ്ലാന്റ് നിലവിൽ വന്നത് - വർക്കല
  - ➔ ഗാർഹിക ബയോമെഡിക്കൽ സാനിട്ടറി മാലിന്യങ്ങളായ ഡയപ്പറുകൾ, സാനിട്ടറി പാഡുകൾ, പുനരുപയോഗ സാധ്യമല്ലാത്ത തുണികൾ, മുടി എന്നിവ ശാസ്ത്രീയമായി നിർമാർജനം ചെയ്യുന്നതിനായി സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാങ്കേതിക അനുമതിയോട് കൂടിയാണ് വർക്കല നഗരസഭ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്.

- സംസ്ഥാനത്ത് ആദ്യമായി ഹരിത ബജറ്റ് അവതരിപ്പിച്ച കോർപ്പറേഷൻ - തിരുവനന്തപുരം
  - ➔ കാലാവസ്ഥാ വ്യതിയാനവും അനുബന്ധ പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ളതാണ് തിരുവനന്തപുരം കോർപ്പറേഷൻ അവതരിപ്പിച്ച ഹരിത ബജറ്റ്.

- കേരള കർഷകദിനം - ചിങ്ങം 1
  - ➔ കൊല്ലവർഷ പിറവി ദിനമായ ചിങ്ങം 1 കേരളത്തിൽ കർഷകദിനമായാണ് ആചരിച്ചുവരുന്നത്.

- വാർഷിക ബിസിനസ് ഒരു ലക്ഷം കോടി രൂപ കവിഞ്ഞ ഇന്ത്യയിലെ ആദ്യ മിസലേനിയസ് ബാങ്കിംഗ് ഇതര ധനകാര്യ കമ്പനി - കെ.എസ്.എഫ്.ഇ
  - ➔ കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ ഉള്ള ഒരു വിവിധോദ്ദേശ ബാങ്കിംഗ് ഇതര കമ്പനിയാണ് കെ.എസ്.എഫ്.ഇ.

- കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) ഭാഗ്യചിഹ്നം - ഫിബോ (കടുവ)

- സംസ്ഥാനത്തെ സർക്കാർ സ്കൂളിലെ ആദ്യ എഐ-റോബോട്ടിക് ലാബ് നിലവിൽ വന്നത് - പുറത്തൂർ ജി.യു.പി.എസ്. , മലപ്പുറം

- വ്യവസായവകുപ്പ് മന്ത്രി പി. രാജീവിന്റെ ഓഫീസിലെ എഐ-പിന്തുണയുള്ള വെർച്വൽ റിസപ്ഷനിസ്റ്റ് - കെല്ലി
  - ➔ കെൽട്രോൺ ആണ് കെല്ലിയെ രൂപകൽപന ചെയ്തിരിക്കുന്നത്.

- സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം - കേരളം
  - ➔ 2025 ആഗസ്റ്റിൽ തിരുവനന്തപുരത്തെ സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന പൊതുയോഗത്തിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ് ഈ ചരിത്രനേട്ടം ഔദ്യോഗികമായി പ്രഖ്യാപിച്ചത്.
  - ➔ തദ്ദേശ സ്വയംഭരണ വകുപ്പ് (LSGD) നടപ്പാക്കിയ 'ഡിജി-കേരളം' പദ്ധതി വഴിയാണ് ഈ നേട്ടം കൈവരിച്ചത്.
  - ➔ തിരുവനന്തപുരത്തെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ വിജയകരമായി നടപ്പാക്കിയ 'ഡിജി പുല്ലമ്പാറ' പദ്ധതിയുടെ മാതൃകയാണ് സംസ്ഥാനവ്യാപകമായി ഡിജി-കേരളം പദ്ധതിക്ക് പ്രചോദനമായത്.

- സംസ്ഥാന അഗ്നിശമന സേനയിൽ ഡ്രൈവറായ ആദ്യ വനിത - ബി.ജ്യോതി

- വിവിധ സേവനമേഖലകളിൽ വിവരശേഖരണത്തിന് 'ഇന്റർനെറ്റ് ഓഫ് തിങ്സ്'(ഐഒടി) സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന രാജ്യത്തെ ആദ്യ ഗ്രാമപ്പഞ്ചായത്ത് - കാട്ടാക്കട പഞ്ചായത്ത്

- രാജ്യത്തെ ആദ്യത്തെ കാർബൺ സന്തുലിത കൃഷി ഫാം പദവി ലഭിച്ച കേരളത്തിലെ ഫാം - ഒക്കൽ വിത്തുൽപാദന കേന്ദ്രം, എറണാംകുളം

- ഒരു നദിക്കു കുറുകെയുള്ള കേരളത്തിലെ ഏറ്റവും നീളം കൂടിയ പാലം - കുമ്പിച്ചൽക്കടവ് പാലം, തിരുവനന്തപുരം
    - ➔ 253.4 മീറ്റർ നീളത്തിലാണ് പാലം നിർമ്മിച്ചിരിക്കുന്നത്.

# കായികം

- 2025 ജൂലൈയിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരം - വേദ കൃഷ്ണമൂർത്തി
- 2025ലെ കോപ്പ അമേരിക്ക വനിതാ ചാമ്പ്യൻഷിപ്പ് കിരീട ജേതാക്കൾ - ബ്രസീൽ
    - ➔ ഫൈനലിൽ കൊളംബിയയെ പരാജയപ്പെടുത്തിയാണ് ബ്രസീൽ കിരീടം സ്വന്തമാക്കിയത്.
    - ➔ ബ്രസീൽ വനിതാ ടീമിന്റെ 9-ാമത് കോപ്പ അമേരിക്ക വനിതാ ചാമ്പ്യൻഷിപ്പ് കിരീട നേട്ടമാണിത്.
    - ➔ 2025ലെ കോപ്പ അമേരിക്ക വനിതാ ചാമ്പ്യൻഷിപ്പിന്റെ വേദി - ക്വിറ്റോ, ഇക്വഡോർ
    - ➔ കോപ്പ അമേരിക്ക വനിതാ ചാമ്പ്യൻഷിപ്പിന്റെ 10-ാമത് പതിപ്പിനാണ് ഇക്വഡോർ വേദിയായത്.

- 2025-ൽ നടന്ന പ്രഥമ ചെസ് ഇ-സ്പോർട്സ് ലോകകപ്പിൽ കിരീടം സ്വന്തമാക്കിയത് - മാഗ്നസ് കാൾസൺ
  - ➔ അലിറേസ ഫിറൂസ്ജയെ പരാജയപ്പെടുത്തിയാണ് മാഗ്നസ് കാൾസൺ കിരീടം സ്വന്തമാക്കിയത്.
  - ➔ നാലാം സ്ഥാനം കരസ്ഥമാക്കിയ ഇന്ത്യൻ ചെസ് താരം - അർജുൻ എരിഗാസി

- ഖസാക്കിസ്ഥാനിലെ അൽമാട്ടിയിൽ നടന്ന 2025 ലെ ഖൊസാനോവ് മെമ്മോറിയൽ അത്‌ലറ്റിക്സ് മീറ്റിൽ പുരുഷന്മാരുടെ ട്രിപ്പിൾ ജംപിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മലയാളി അത്‌ലറ്റ് - അബ്ദുല്ല അബൂബക്കർ

- 2025ലെ ഫോർമുലവൺ ഹംഗേറിയൻ ഗ്രാൻപ്രീ കിരീട ജേതാവ് - ലാൻഡോ നോറിസ്

- പോളണ്ടിൽ നടന്ന വീസ് ലാവ് മാനിക് മെമ്മോറിയൽ മീറ്റിൽ വനിതാ ജാവലിൻ ത്രോയിൽ സ്വർണ്ണ മെഡൽ നേടിയ ഇന്ത്യൻ താരം - അന്നു റാണി

- 2025ലെ വേൾഡ് ചാമ്പ്യൻഷിപ്പ് ഓഫ് ലെജൻഡ്സ് ക്രിക്കറ്റ് കിരീട ജേതാക്കൾ - ദക്ഷിണാഫ്രിക്ക ചാമ്പ്യൻസ്
  - ➔ പാകിസ്ഥാൻ ചാമ്പ്യൻസിനെ പരാജയപ്പെടുത്തിയാണ് ദക്ഷിണാഫ്രിക്ക ചാമ്പ്യൻസ് 2025ലെ വേൾഡ് ചാമ്പ്യൻഷിപ്പ് ഓഫ് ലെജൻഡ്സ് കിരീടം സ്വന്തമാക്കിയത്.
  - ➔ വേൾഡ് ചാമ്പ്യൻഷിപ്പ് ഓഫ് ലെജൻഡ്സ് ക്രിക്കറ്റിന്റെ രണ്ടാമത് പതിപ്പ്.
  - ➔ 2024ലെ വേൾഡ് ചാമ്പ്യൻഷിപ്പ് ഓഫ് ലെജൻഡ്സ് ക്രിക്കറ്റ് കിരീട ജേതാക്കൾ - ഇന്ത്യ ചാമ്പ്യൻസ്

- 2025 ലെ എഎസ്എഫ് ഏഷ്യൻ സർഫിംഗ് ചാമ്പ്യൻഷിപ്പിൽ ഓപ്പൺ പുരുഷ വിഭാഗത്തിൽ വെങ്കല മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ താരം - രമേശ് ബുഡിഹാൽ
  - ➔ ഏഷ്യൻ സർഫിംഗ് ചാമ്പ്യൻഷിപ്പിൽ ഓപ്പൺ പുരുഷ വിഭാഗം ഫൈനലിന് യോഗ്യത നേടിയ ആദ്യ ഇന്ത്യൻ താരമാണ് രമേശ് ബുഡിഹാൽ.
  - ➔ കോണ്ടിനെന്റൽ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ആദ്യത്തെ വ്യക്തിഗത മെഡലാണിത്.

- 2025 ലെ എഎസ്എഫ് ഏഷ്യൻ സർഫിംഗ് ചാമ്പ്യൻഷിപ്പിന്റെ വേദി - മഹാബലിപുരം, തമിഴ്നാട്
  - ➔ ഇന്ത്യ ആദ്യമായാണ് എഎസ്എഫ് ഏഷ്യൻ സർഫിംഗ് ചാമ്പ്യൻഷിപ്പിന് വേദിയായത്.

- ചൈനയിലെ ചെങ്ഡുവിൽ നടന്ന 2025 ലെ ലോക ഗെയിംസിൽ പുരുഷന്മാരുടെ കോമ്പൗണ്ട് ആർച്ചറിയിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ താരം - ഋഷഭ് യാദവ്
  - ➔ ലോക ഗെയിംസ് ചരിത്രത്തിൽ ഇന്ത്യയുടെ ആദ്യത്തെ വ്യക്തിഗത മെഡൽ ജേതാവെന്ന നേട്ടവും ഋഷഭ് യാദവ് സ്വന്തമാക്കി.

- 2025 ജൂലൈ മാസത്തെ ഐസിസി പുരുഷ പ്ലെയർ ഓഫ് ദ മന്ത് ആയി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻതാരം - ശുഭ്മാൻ ഗിൽ

- 2025 ജൂലൈ മാസത്തെ ഐസിസി വനിതാ പ്ലെയർ ഓഫ് ദ മന്ത് ആയി തിരഞ്ഞെടുക്കപ്പെട്ട ഇംഗ്ലണ്ട് ക്രിക്കറ്റ് താരം - സോഫിയ ഡങ്ക്ലെ

- 15-ാമത് ജൂനിയർ ദേശീയ വനിതാ ഹോക്കി ചാമ്പ്യൻഷിപ്പ് കിരീട ജേതാക്കൾ - ജാർഖണ്ഡ്
  - ➔ ഫൈനലിൽ ഹരിയാനയെ പരാജയപ്പെടുത്തിയാണ് ജാർഖണ്ഡ് കിരീടം സ്വന്തമാക്കിയത്.

- ഇന്ത്യയുടെ 89-ാമത് ഗ്രാൻഡ് മാസ്റ്റർ - എസ്. രോഹിത് കൃഷ്ണ

- പ്രഥമ ഖേലോ ഇന്ത്യ ജല കായിക മേളയുടെ വേദി - ജമ്മു കശ്മീർ
  - ➔ ശ്രീനഗറിലെ ദാൽ തടാകത്തിലാണ് പ്രഥമ ഖേലോ ഇന്ത്യ ജല കായിക മേള സംഘടിപ്പിക്കുന്നത്.
  - ➔ കയാക്കിംഗ്, കനോയിംഗ്, റോവിങ്ങ്, വാട്ടർ സ്കീയിംഗ്, ഷിക്കാര റേസ്, ഡ്രാഗൺ ബോട്ട് എന്നിങ്ങനെ അഞ്ച് കായിക ഇനങ്ങളാണ് ഖേലോ ഇന്ത്യ ജല കായിക മേളയുടെ ഭാഗമായിട്ടുള്ളത്.

- പ്രഥമ ഖേലോ ഇന്ത്യ ജല കായിക മേളയുടെ ഭാഗ്യചിഹ്നം - ഹിമാലയൻ കിംഗ്ഫിഷർ

- 2025 ലെ NSW സ്ക്വാഷ് ബേഗ ഓപ്പണിൽ റണ്ണർ അപ്പ് ആയ ഇന്ത്യൻ താരം - അനാഹത് സിംഗ്

- നോർത്തേൺ മരിയാന ദ്വീപുകളിൽ നടന്ന സായ്പാൻ ഇന്റർനാഷണൽ 2025-ൽ വനിതാ സിംഗിൾസ് കിരീടം നേടിയ ഇന്ത്യൻ ബാഡ്മിന്റൺ താരം - തന്യ ഹേമന്ത്

- 2025ലെ പുരുഷ ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിന്റെ ഭാഗ്യചിഹ്നം - ചന്ദ് (കടുവ)

- 2025ലെ പുരുഷ ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിന്റെ വേദി - ബിഹാർ, ഇന്ത്യ
    - ➔ പുരുഷ ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിന്റെ 12-ാമത് പതിപ്പ്.

- 2025-ലെ ബ്രാൻഡ് ഫിനാൻസ് റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും മൂല്യവത്തായ ഫുട്ബോൾ ക്ലബ്ബ് ആയി തെരഞ്ഞെടുക്കപ്പെട്ടത് - റയൽ മാഡ്രിഡ്

- ഇംഗ്ലീഷ് ഫുട്ബോളിലെ മികച്ച പുരുഷതാരത്തിനുള്ള 2025ലെ പ്രൊഫഷണൽ ഫുട്ബോളേഴ്സ് അസോസിയേഷൻ പുരസ്കാരത്തിന് അർഹനായത് - മുഹമ്മദ് സല
    - ➔ ഇതോടെ മൂന്ന് തവണ പ്രൊഫഷണൽ ഫുട്ബോളേഴ്സ് അസോസിയേഷന്റെ (പിഎഫ്എ) പ്ലെയർ ഓഫ് ദ ഇയർ അവാർഡ് നേടുന്ന ആദ്യ കളിക്കാരനെന്ന നേട്ടവും മുഹമ്മദ് സല സ്വന്തമാക്കി.

- ഇംഗ്ലീഷ് ഫുട്ബോളിലെ മികച്ച വനിതാതാരത്തിനുള്ള 2025ലെ പ്രൊഫഷണൽ ഫുട്ബോളേഴ്സ് അസോസിയേഷൻ പുരസ്കാരത്തിന് അർഹനായത് - മരിയോണ കാൽഡെന്റേ

# സാഹിത്യം

- 'മൾബെറി എന്നോട് നിന്റെ സോർബയെ കുറിച്ച് പറയൂ' എന്ന പുസ്തകത്തിന്റെ രചയിതാവ് - ബെന്യാമിൻ

- ഹിരോഷിമയിലെ അണുബോംബ് ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ കഥ പറയുന്ന ഗോസ്റ്റ്സ് ഓഫ് ഹിരോഷിമ

(Ghosts of Hiroshima) എന്ന നോവലിന്റെ രചയിതാവ് - ചാൾസ് പെല്ലെഗ്രിനോ

- മലയാറ്റൂർ ട്രസ്റ്റ് ഏർപ്പെടുത്തിയ 18-ാമത് മലയാറ്റൂർ പുരസ്കാരത്തിന് അർഹയായത് - ഇ. സന്തോഷ്കുമാർ
  - ➔ ഇ. സന്തോഷ്കുമാറിന്റെ 'തപോമയിയുടെ അച്ഛൻ' എന്ന നോവലിനാണ് പുരസ്കാരം.
  - ➔ യുവ എഴുത്തുകാർക്കുള്ള മലയാറ്റൂർ പ്രൈസ് സലിൻ മാങ്കുഴിയുടെ 'ആനന്ദലീല' എന്ന നോവലിന് ലഭിച്ചു.
  - ➔ മലയാറ്റൂർ ട്രസ്റ്റ് ഏർപ്പെടുത്തിയ 17-ാമത് മലയാറ്റൂർ പുരസ്കാരത്തിന് അർഹയായത് - സാറാ ജോസഫ് (പുസ്തകം - എസ്തേർ)

- കേരള ബാലസാഹിത്യ അക്കാദമിയുടെ ഏഴാമത് കേരള ബാലസാഹിത്യ പുരസ്കാരങ്ങളിൽ ബാലസാഹിത്യകാരൻ ഉല്ലല ബാബുവിന്റെ സ്മരണാർഥം നൽകുന്ന പുരസ്കാരത്തിന് അർഹാനയത് - ആലങ്കോട് ലീലാകൃഷ്ണൻ
  - ➔ അദ്ദേഹത്തിന്റെ 'പൂവും കായും' എന്ന കൃതിക്കാണ് പുരസ്കാരം.

# മറ്റ് പുരസ്കാരങ്ങൾ

- പ്രഥമ എം.എസ് സ്വാമിനാഥൻ അവാർഡ് ഫോർ ഫുഡ് ആൻഡ് പീസിന് അർഹനായത് - അഡെമോള എ അഡെൻലെ
  - ➔ ആഗോള ഭക്ഷ്യസുരക്ഷ, സുസ്ഥിര കൃഷി, സമാധാനം എന്നിവയിൽ നൽകിയ സംഭാവനകൾക്കാണ് നൈജീരിയൻ ശാസ്ത്രജ്ഞനായ അഡെമോള എ അഡെൻലെ പുരസ്കാരത്തിന് അർഹനായത്.
  - ➔ എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനും (എം.എസ്.എസ്.ആർ.എഫ്) വേൾഡ് അക്കാദമി ഓഫ്

സയൻസസും (ടി.ഡബ്ല്യു.എ.എസ്) ചേർന്നാണ് പുരസ്കാരം നൽകുന്നത്.

- നാടൻകലാരംഗത്തെ സമഗ്രസംഭാവനയ്ക്ക് സാംസ്കാരികവകുപ്പിന്റെ 2025 ലെ പി.കെ.കാളൻ പുരസ്കാരത്തിന് അർഹനായ തെയ്യം കലാകാരൻ - അതിയടം കുഞ്ഞിരാമ പെരുവണ്ണാൻ
  - ➔ കേരള ഫോക്‌ലോർ അക്കാദമി ചെയർമാനും ഗദ്ദിക കലാകാരനുമായിരുന്ന പി.കെ.കാളന്റെ ഓർമയ്ക്കായി ഏർപ്പെടുത്തിയതാണ് പുരസ്കാരം.

- 2025 ലെ യുഎൻഡിപി 'ഇക്വേറ്റർ ഇനിഷ്യേറ്റീവ് അവാർഡ്' ലഭിച്ച ഇന്ത്യയിലെ സ്വയം സഹായ സംഘം (SHG) - ബീബി ഫാത്തിമ വനിതാ സ്വയം സഹായ സംഘം
  - ➔ കർണാടകയിലെ ധാർവാഡ് ജില്ലയിലെ തീർത്ഥ ഗ്രാമത്തിൽ നിന്നുള്ള ബീബി ഫാത്തിമ വനിതാ സ്വയം സഹായ സംഘം ആണ് പുരസ്കാരം കരസ്ഥമാക്കിയത്.
  - ➔ മഴവെള്ളം നിറഞ്ഞ ഭൂമിയിൽ പരിസ്ഥിതി സൗഹൃദ കൃഷി രീതികൾ നടപ്പിലാക്കുക, കമ്മ്യൂണിറ്റി വിത്ത് ബാങ്കുകൾ കൈകാര്യം ചെയ്യുക, ഭക്ഷ്യ-പോഷകാഹാര സുരക്ഷ ഉറപ്പാക്കുക, തിന കൃഷി പ്രോത്സാഹിപ്പിക്കുക, തിന സംസ്കരണ യൂണിറ്റ് നടത്തുക, മൂല്യവർദ്ധനവ്, വിപണനം എന്നിവയിലൂടെ വനിതാ സംഘം ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചതായി യുഎൻഡിപി വിലയിരുത്തി.
  - ➔ 'ഇക്വേറ്റർ ഇനിഷ്യേറ്റീവ് അവാർഡ്' ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള നോബൽ സമ്മാനം എന്നും അറിയപ്പെടുന്നു.

- തിരുവനന്തപുരം നാട്യവേദ സെന്റർ ഫോർ പെർഫോമിംഗ് ആർട്ടിന്റെ പ്രഥമ പുരസ്കാരത്തിന് അർഹയായ നർത്തകി - പത്മ സുബ്രഹ്മണ്യം

- ജയ്പൂരിൽ നടന്ന 2025ലെ മിസ്സ് യൂണിവേഴ്സ് ഇന്ത്യ കിരീടം സ്വന്തമാക്കിയത് - മണിക വിശ്വകർമ്മ

# ശാസ്ത്ര സാങ്കേതിക മേഖല

- 2025 ജൂലൈയിൽ വിജയകരമായി വിക്ഷേപിച്ച ഇന്ത്യയുടെയും അമേരിക്കയുടെയും ബഹിരാകാശ ഗവേഷണ സ്ഥാപനങ്ങൾ സംയുക്തമായി വികസിപ്പിച്ച ഭൗമനിരീക്ഷണ ഉപഗ്രഹം - നിസാർ (നാസ-ഐഎസ്ആർഒ സിന്തറ്റിക് ആപ്പർച്ചർ റഡാർ)
    - ➔ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽ നിന്നാണ് ഉപഗ്രഹം വിക്ഷേപിച്ചത്.
    - ➔ ഇന്ത്യയുടെ ജിഎസ്എൽവി-എഫ് 16 റോക്കറ്റ് ഉപയോഗിച്ചായിരുന്നു വിക്ഷേപണം.
    - ➔ ഭൗമോപരിതലത്തിലെ ചെറിയ മാറ്റങ്ങൾപോലും സൂക്ഷ്മമായി നിരീക്ഷിച്ച് വിവരം കൈമാറുകയാണ് നിസാറിന്റെ പ്രധാനദൗത്യം. മണ്ണിടിച്ചിൽ, ഭൂകമ്പം, അഗ്നിപർവ്വത സ്ഫോടനം തുടങ്ങിയ പ്രകൃതിദുരന്തങ്ങളുടെ മുന്നോടിയായുള്ള ലക്ഷണങ്ങൾ കണ്ടെത്താൻ ഈ വിവരങ്ങൾ ശാസ്ത്രജ്ഞരെ സഹായിക്കും. അതുവഴി ദുരന്ത മുന്നറിയിപ്പുകൾ നൽകാനും തയ്യാറെടുപ്പുകൾ നടത്താനും സാധിക്കും.
    - ➔ ഐഎസ്ആർഒയും നാസയും സംയുക്തമായി നടത്തുന്ന ആദ്യ ഉപഗ്രഹവിക്ഷേപണമാണിത്.

- ഇന്ത്യയിൽ സാറ്റലൈറ്റ് ഇന്റർനെറ്റ് സേവനം ആരംഭിക്കുന്നതിനുള്ള ലൈസൻസ് ലഭിച്ച യു.എസ് കമ്പനി - സ്റ്റാർലിങ്ക്

- ➔ ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള അമേരിക്കൻ എയ്റോസ്പേസ് കമ്പനിയായ സ്പേസ് എക്സിന്റെ ഉപസ്ഥാപനമാണ് സ്റ്റാർലിങ്ക് സർവീസസ്.
- ➔ ലോ എർത്ത് ഓർബിറ്റ് (LEO) ഉപഗ്രഹങ്ങളുടെ ശൃംഖല ഉപയോഗിച്ച് ലോകമെമ്പാടും അതിവേഗ, കുറഞ്ഞ ലേറ്റൻസി ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ആക്സസ് നൽകുക എന്നതാണ് സ്റ്റാർലിങ്ക് ലക്ഷ്യമിടുന്നത്.

- ഡൽഹി-മുംബൈ പാതയിൽ ഉത്തർപ്രദേശിലെ മഥുരമുതൽ രാജസ്ഥാനിലെ കോട്ട വരെയുള്ള ഭാഗത്ത് റെയിൽ അപകടങ്ങൾ മുൻകൂട്ടി കണ്ടെത്തി തടയിടയുന്നതിനായി ഇന്ത്യൻ റെയിൽവേ ആരംഭിച്ച നൂതന സംവിധാനം - കവച് 4.0

- വിവിധ ജന്തുജാലങ്ങളിൽ നിന്നുള്ള ഉയർന്ന നിലവാരമുള്ള സ്റ്റെം സെല്ലുകൾ സംഭരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള അത്യാധുനിക സൗകര്യമായ രാജ്യത്തെ ആദ്യത്തെ 'ആനിമൽ സ്റ്റെം സെൽ ബയോബാങ്ക്' നിലവിൽ വന്നത് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ബയോടെക്നോളജി (എൻഐഎബി), ഹൈദരാബാദ്
    - ➔ ബയോടെക്നോളജി വകുപ്പിന്റെ ബയോടെക്നോളജി റിസർച്ച് ഇന്നൊവേഷൻ കൗൺസിലിന് (ബിആർഐസി) കീഴിലുള്ള ഒരു പ്രമുഖ സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ബയോടെക്നോളജി (എൻഐഎബി).

- 2025 ലെ സിംഗപ്പൂരിന്റെ ദേശീയ ദിനത്തോട് അനുബന്ധിച്ച് സിംഗപ്പൂർ സന്ദർശിച്ച ഇന്ത്യയുടെ സർവേ വെസ്സൽ ലാർജ് (SVL) - ഐഎൻഎസ് സന്ധായക്
    - ➔ അത്യാധുനിക ഹൈഡ്രോഗ്രാഫിക് സംവിധാനങ്ങളുള്ള ഇന്ത്യയുടെ ആദ്യത്തെ സർവേ വെസ്സൽ ലാർജ് (SVL) വിഭാഗത്തിലുള്ള കപ്പലാണ് ഐഎൻഎസ് സന്ധായക്.

- ഭൂമിയിലെ പ്രകാശത്തിന്റെ തോത് വർധിച്ചുവരുന്നതും അത് ജീവികളുടെ കാഴ്ചയെയും ആവാസവ്യവസ്ഥയെയും ബാധിക്കുന്നതും പഠിക്കാൻ തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്കൂളിലെ വിദ്യാർഥികൾ ചേർന്ന് തയ്യാറാക്കുന്ന ഉപഗ്രഹം - മോഡൽ ലൂമിനോസാറ്റ്

- ശുക്രന്റെ അന്തരീക്ഷം, ഉപരിതലം, കാലാവസ്ഥാ സംവിധാനങ്ങൾ എന്നിവയെക്കുറിച്ചുള്ള സമഗ്രമായ ശാസ്ത്രീയ ഡാറ്റ ശേഖരിക്കുന്നതിനായി റഷ്യ 2036 ന് മുമ്പ് ശുക്രനിലേക്ക് വിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന ദൗത്യം - വെനീറ-ഡി

- ചന്ദ്രനിലേക്കും ചൊവ്വയിലേക്കുമുള്ള സാധ്യമായ മനുഷ്യ ബഹിരാകാശ ദൗത്യങ്ങൾക്ക് തയ്യാറെടുക്കുന്നതിനായി ലഡാക്കിൽ ബെംഗളൂരു ആസ്ഥാനമായുള്ള ബഹിരാകാശ സാങ്കേതിക കമ്പനിയായ പ്രോട്ടോപ്ലാനറ്റും ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയും (ഐഎസ്ആർഒ) ചേർന്ന് ആരംഭിച്ച അനലോഗ് സ്റ്റേഷൻ - ഹോപ് (HOPE)
  - ➔ Himalayan Outpost for Planetary Exploration (HOPE)
  - ➔ ചന്ദ്രനിലും ചൊവ്വയിലും കാണപ്പെടുന്ന ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ അവസ്ഥകളെ അടുത്ത് അനുകരിക്കുന്ന ഒരു അനലോഗ് സൈറ്റാണ് ഹോപ്.
  - ➔ ഭാവിയിലെ ഗ്രഹാന്തര യാത്രകൾക്കായി നിർണായക ഗവേഷണം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇത് വികസിപ്പിച്ചിരിക്കുന്നത്.

- 2025 ആഗസ്റ്റിൽ ഒഡിഷയിലെ ചാന്ദിപ്പൂർ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ വച്ച് ഇന്ത്യ വിജയകരമായി പരീക്ഷിച്ച ആണവ ശേഷിയുള്ള ഇന്റർമീഡിയറ്റ് റേഞ്ച് ബാലിസ്റ്റിക് മിസൈൽ - അഗ്നി-5
  - ➔ പ്രതിരോധ ഗവേഷണ വികസന സംഘടന (ഡിആർഡിഒ) വികസിപ്പിച്ചെടുത്ത അഗ്നി-5, അയ്യായിരം

കിലോമീറ്ററിലധികം ദൂരപരിധിയുള്ള ആണവ ശേഷിയുള്ള ബാലിസ്റ്റിക് മിസൈലാണ്.
  - ➔ 1.5 ടൺ വരെ ഭാരമുള്ള ആണവ പോർമുന വഹിക്കാനുള്ള ശേഷിയാണ് ഈ മിസൈലിനുള്ളത്.

- ഇന്ത്യയുടെ ആദ്യ എഐ അധിഷ്ഠിത മീഡിയം ആൾട്ടിറ്റ്യൂഡ് ലോങ് എൻഡ്യുറൻസ് (MALE) കോംബാറ്റ് ഡ്രോൺ - കാലഭൈരവ്
  - ➔ ബെംഗളൂരുവിലെ ഫ്ളൈയിങ് വെഡ്ജ് ഡിഫൻസ് ആന്റ് എയറോസ്പേസ് (FWDA) ഡ്രോൺ വികസിപ്പിച്ചത്.

- യുറാനസിന്റെ 29-ാമത്തെ ഉപഗ്രഹമായ S/2025 U1 കണ്ടെത്തിയ നാസയുടെ ബഹിരാകാശ ദൂരദർശിനി - ജെയിംസ് വെബ്

# ഇന്ത്യ - പദ്ധതികൾ

- സ്ത്രീ ശാക്തീകരണം, സ്വയം സഹായസംഘങ്ങളുടെ ശക്തിപ്പെടുത്തൽ, സാമ്പത്തിക സ്വാതന്ത്ര്യം എന്നീ ലക്ഷ്യങ്ങളോടെ 2025 ആഗസ്റ്റിൽ സ്ത്രീ ശക്തി പദ്ധതി ആരംഭിച്ച സംസ്ഥാനം - ആന്ധ്രാപ്രദേശ്

- നിയമനത്തിന് ശുപാർശചെയ്യാത്ത ഉദ്യോഗാർഥികൾക്ക് ജോലി ലഭ്യമാക്കുന്നതിനായി യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ (യുപിഎസ്സി) ആരംഭിച്ച പദ്ധതി - പ്രതിഭ സേതു

- ഇന്ത്യയുടെ സുപ്രധാന സൈനിക, സിവിലിയൻ ഇൻസ്റ്റാളേഷനുകൾ സംരക്ഷിക്കുന്നതിനും ശത്രു ഭീഷണി ഉണ്ടായാൽ നിർണായക പ്രതികരണം നൽകുന്നതിനുമായി അഡ്വാൻസ്ഡ് പ്രതിരോധ സംവിധാനം വികസിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ 10 വർഷത്തെ പദ്ധതി - മിഷൻ സുദർശൻ ചക്ര

    - 2035നുള്ളിൽ ഇന്ത്യ രാജ്യത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ബൃഹത്തായ പ്രതിരോധ സംവിധാനമാണ് സുദർശൻ ചക്ര.
    - പുരാണകഥാപാത്രമായ കൃഷ്ണന്റെ കൈവശമുണ്ടായിരുന്ന ആയുധമായ സുദർശന ചക്രത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് ഇന്ത്യയുടെ പുതിയ പ്രതിരോധ സംവിധാനത്തിന് അതേ പേര് നൽകിയത്.

- 3.5 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതി - പ്രധാൻ മന്ത്രി വികസിത് ഭാരത് റോജ്ഗർ യോജന (PMVBRY)
    - പ്രധാനമന്ത്രി നരേന്ദ്ര മോദി 2025ലെ തന്റെ സ്വാതന്ത്ര്യദിന പ്രസംഗത്തിലാണ് പദ്ധതി പ്രഖ്യാപിച്ചത്.
    - ആഗസ്റ്റ് 15 മുതൽ പ്രാബല്യത്തിൽ വന്ന ഈ പദ്ധതി, ആദ്യമായി ജോലി ചെയ്യുന്നവരെയും സ്വകാര്യ മേഖലയിലെ തൊഴിലുടമകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നു.
    - ഈ സംരംഭത്തിന് കീഴിൽ, സ്വകാര്യ മേഖലയിൽ ആദ്യമായി ജോലി നേടുന്ന ഏതൊരാൾക്കും സർക്കാരിൽ നിന്ന് നേരിട്ട് 15,000 രൂപ ലഭിക്കും, കൂടാതെ അധിക ജീവനക്കാരെ നിയമിക്കുന്ന തൊഴിലുടമകൾക്ക് ഓരോ പുതിയ ജീവനക്കാരനും പ്രതിമാസം 3,000 രൂപ വരെ ലഭിക്കും.

- മടങ്ങിയെത്തുന്ന തൊഴിലാളികൾക്ക് ഒരു വർഷത്തേക്കോ അല്ലെങ്കിൽ അവർക്ക് തൊഴിൽ ലഭിക്കുന്നതുവരെയോ പ്രതിമാസം 5000 രൂപ നൽകുന്ന 'ശ്രമശ്രീ' പദ്ധതി ആരംഭിച്ച സംസ്ഥാനം - പശ്ചിമ ബംഗാൾ
    - ശ്രമശ്രീ പദ്ധതിയുടെ ലക്ഷ്യങ്ങൾ
        1. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മടങ്ങിയെത്തിയ എല്ലാ കുടിയേറ്റ തൊഴിലാളികൾക്കും പുനരധിവാസം നൽകുക.

2. മടങ്ങിയെത്തിയ എല്ലാ തൊഴിലാളികൾക്കും പ്രതിമാസം 5,000 രൂപ ധനസഹായം നൽകുക.
3. തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക.
4. എല്ലാ കുടിയേറ്റ തൊഴിലാളികൾക്കും നൈപുണ്യ വികസനം നൽകുക.
5. ബംഗാൾ സംസ്ഥാനത്ത് തൊഴിലവസരങ്ങൾ നൽകുക.

# കേരളം - പദ്ധതികൾ

- വീട്ടിലും സമൂഹത്തിലും കുട്ടികൾ നേരിടുന്ന അതിക്രമങ്ങളും പീഡനങ്ങളും കണ്ടെത്താനും അവർക്ക് സംരക്ഷണം നൽകാനും സർക്കാർ നടപ്പിലാക്കുന്ന പദ്ധതി - സുരക്ഷാ മിത്രം

- എല്ലാ ജില്ലകളിലെയും വൈവിധ്യങ്ങളായ തദ്ദേശീയ ഗോത്രകലകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി കുടുംബശ്രീ ആരംഭിച്ച പദ്ധതി - ജനഗൽസ പദ്ധതി
  - തദ്ദേശീയ മേഖലയിലെ പാരമ്പര്യ കലാരൂപങ്ങളെ സംരംഭമാതൃകയിൽ രൂപവത്കരിച്ച് തദ്ദേശീയ ജനതയ്ക്ക് മികച്ച ഉപജീവനമാർഗം ലഭ്യമാക്കുന്നതാണ് പദ്ധതി.
  - ജനങ്ങളുടെ ആഘോഷം എന്നാണ് 'ജനഗൽസ'യുടെ അർത്ഥം.

- ലോകാരോഗ്യ സംഘടനയുടെ സൗത്ത് ഈസ്റ്റ് ഏഷ്യ ജേണലിൽ പ്രസിദ്ധീകരിച്ചതിലൂടെ ആഗോള ശ്രദ്ധ നേടിയ അർബുദ നിയന്ത്രണത്തിനായി കേരളത്തിലെ കണ്ണപുരം പഞ്ചായത്തിന്റെ പദ്ധതി - കാൻസർമുക്ത ഗ്രാമം
  - എല്ലാ കുടുംബങ്ങളിൽനിന്നും വിവരശേഖരണം നടത്തി, എല്ലാവരെയും രോഗനിർണയ ക്യാംപുകളിൽ പങ്കെടുപ്പിച്ച് 9 കൊല്ലമായി നടന്നുവരുന്ന പദ്ധതിയെക്കുറിച്ച്

ഡബ്ല്യുഎച്ച്ഒയുടെ സൗത്ത് ഈസ്റ്റ് ഏഷ്യ ജേണലിൽ ‘കണ്ണപുരം മോഡൽ’ എന്നാണു വിശേഷിപ്പിക്കുന്നത്.

➔ 2016ൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെയാണു കണ്ണപുരത്തു പദ്ധതി തുടങ്ങിയത്.

# സിനിമ

- മലയാളചലച്ചിത്ര അഭിനേതാക്കളുടെ സംഘടനയായ അമ്മയുടെ (Association of Malayalam Movie Artists - AMMA) പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ആദ്യ വനിത - ശ്വേതാ മേനോൻ

- കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 17-ാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയുടെ (ഐഡിഎസ്എഫ്എഫ്കെ) ഭാഗമായി ഡോക്യുമെന്ററി രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡിന് അർഹനായത് - രാകേഷ് ശർമ്മ

- ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ സ്പോർട്സ് സിനിമയെന്ന റെക്കോർഡ് സ്വന്തമാക്കിയത് - എഫ് 1: ദി മൂവി
  ➔ ഫോർമുല വൺ കാറോട്ട മത്സരങ്ങളുടെ കഥ പറയുന്ന ബ്രാഡ് പിറ്റ് പ്രധാന വേഷത്തിൽ അഭിനയിച്ച ഈ സിനിമ ജോസഫ് കൊസൻസ്കിയാണ് സംവിധാനം ചെയ്തിരിക്കുന്നത്.

# നിയമനങ്ങൾ

- സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷന്റെ (കെഎസ്എഫ്ഡിസി) പുതിയ ചെയർമാനായി നിയമിതനായ സംവിധായകൻ - കെ. മധു

- റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ (ആർപിഎഫ്) ആദ്യ വനിതാ ഡയറക്ടർ ജനറലായി നിയമിതയായത് - സോണാലി മിശ്ര

- വെസ്റ്റേൺ നേവൽ കമാൻഡിന്റെ പുതിയ ഫ്ലാഗ് ഓഫീസർ കമാൻഡിംഗ്-ഇൻ-ചീഫായി നിയമിതനായത് - വൈസ് അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻ

- 2025 ആഗസ്റ്റിൽ നാവികസേനയുടെ പുതിയ ഉപമേധാവിയായി നിയമിതനായത് - വൈസ് അഡ്മിറൽ സഞ്ജയ് വാത്സായൻ

- ഇന്ത്യൻ ദേശീയ ഫുട്ബോൾ ടീമിന്റെ മുഖ്യപരിശീലകനായി നിയമിതനായത് - ഖാലിദ് ജമീൽ
  - ➔ 20 വർഷത്തിനുശേഷമാണ് ദേശീയ ഫുട്ബോൾ ടീമിന് ഒരു മുഴുവൻസമയ ഇന്ത്യൻ പരിശീലകനെ ലഭിക്കുന്നത്. 2005-ൽ സുഖ്വിന്ദർ സിങ്ങാണ് അവസാനമായി ഈ സ്ഥാനം വഹിച്ചത്.

- 2025 ആഗസ്റ്റിൽ വിക്രം സാരാഭായ് സ്പേസ് സെന്ററിന്റെ (വിഎസ്എസ്സി) പുതിയ ഡയറക്ടറായി നിയമിതനായത് - ഡോ. എ. രാജരാജൻ

- 2025 ആഗസ്റ്റിൽ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിന്റെ ഡയറക്ടറായി നിയമിതനായത് - ഇ.എസ്. പത്മകുമാർ

- 2025 ആഗസ്റ്റിൽ കരസേനയുടെ പുതിയ ഉപമേധാവിയായി നിയമിതനായത് - ലെഫ്. ജനറൽ പുഷ്പേന്ദ്ര സിംഗ്

- സശസ്ത്ര സീമ ബലിന്റെ (എസ്.എസ്.ബി) പുതിയ ഡയറക്ടർ ജനറലായി നിയമിതനായത് - സഞ്ജയ് സിംഗാൾ

- ഇന്ത്യൻ കരസേനയുടെ ദക്ഷിണമേഖലാ മേധാവിയായി നിയമിതനായ മലയാളി - ലെഫ്റ്റനന്റ് ജനറൽ വി. ശ്രീഹരി

- ഇന്ത്യൻ നേവിയിൽ കൺട്രോളർ പേഴ്സണൽ സർവീസസ് (CPS) ആയി നിയമിതനായ മലയാളി - വൈസ് അഡ്മിറൽ സി.ആർ. പ്രവീൺ നായർ

- 2025 ആഗസ്റ്റിൽ ഒഡീഷയുടെ കൈത്തറി ബ്രാൻഡ് അംബാസിഡറായി നിയമിതയായത് - മാധുരി ദീക്ഷിത്

- 2025 ആഗസ്റ്റിൽ ഓൺലൈൻ ഫുഡ് ഡെലിവറി പ്ലാറ്റ്ഫോമായ സൊമാറ്റോയുടെ പുതിയ ബ്രാൻഡ് അംബാസഡറായി നിയമിതനായ ബോളിവുഡ് നടൻ - ഷാരൂഖ് ഖാൻ

- ഓസ്ട്രേലിയയുടെ ടൂറിസം കാമ്പയിന്റെ ഇന്ത്യയിലെ ബ്രാൻഡ് അംബാസഡറായി തിരഞ്ഞെടുക്കപ്പെട്ടത് - സാറാ തെണ്ടുൽക്കർ

- 2025 ആഗസ്റ്റിൽ അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ (ഐഒസി) ഒമ്പത് മാനസികാരോഗ്യ അംബാസഡർമാരിൽ ഒരാളായി നിയമിതനായ ഇന്ത്യക്കാരൻ - അഭിനവ് ബിന്ദ്ര
    - ഇന്ത്യയുടെ ആദ്യ ഒളിമ്പിക് സ്വർണ മെഡൽ ജേതാവും പ്രശസ്ത ഷൂട്ടറുമാണ് അഭിനവ് ബിന്ദ്ര.
    - അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ മാനസികാരോഗ്യ പ്രോത്സാഹന പരിപാടികളുടെ ഭാഗമായാണ് അദ്ദേഹത്തെ അംബാസിഡറായി തെരഞ്ഞെടുത്തത്.

- ബോക്സിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ (ബിഎഫ്ഐ) പ്രസിഡന്റായി തുടർച്ചയായി മൂന്നാം തവണയും തിരഞ്ഞെടുക്കപ്പെട്ടത് - അജയ് സിംഗ്

- 2025 ആഗസ്റ്റിൽ നാഗാലാൻഡിന്റെ പുതിയ ഗവർണറായി നിയമിതനായത് - അജയ് കുമാർ ഭല്ല
    - നാഗാലാൻഡ് ഗവർണർ ലാ ഗണേശൻ അന്തരിച്ചതിനെ തുടർന്ന്, മണിപ്പൂർ ഗവർണറായ അജയ് കുമാർ ഭല്ലയെ അദ്ദേഹത്തിന്റെ നിലവിലെ ചുമതലകൾക്ക് പുറമെ നാഗാലാൻഡ് ഗവർണറുടെ ചുമതലകൾ കൂടി നിർവഹിക്കാൻ ഇന്ത്യൻ രാഷ്ട്രപതി നിയമിച്ചു.

# വിയോഗം

- 2025 ജൂലൈയിൽ അന്തരിച്ച പ്രമുഖ സാമ്പത്തികശാസ്ത്രജ്ഞനും എഴുത്തുകാരനും ചിന്തകനുമായ വ്യക്തി - മേഘ്നാഥ് ദേശായ്
  - ➔ ദേശായി 1965 മുതൽ 2003 വരെ ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ (എൽഎസ്ഇ) സാമ്പത്തികശാസ്ത്രം പഠിപ്പിക്കുകയും പിന്നീട് ആ സ്ഥാപനത്തിലെ എമെരിറ്റസ് പ്രൊഫസർ ഓഫ് ഇക്കണോമിക്സ് ആകുകയും ചെയ്തു.
  - ➔ 1971-ൽ ലേബർപാർട്ടിയിൽ ചേർന്ന അദ്ദേഹത്തെ 1991 ജൂണിൽ യുകെ പ്രഭുപദവി നൽകുകയും ലോർഡ് ദേശായി ഓഫ് സെന്റ് ക്ലെമന്റ് ഡേൻസ് എന്നപേരിൽ പ്രഭുസഭയിലേക്ക് ഉയർത്തുകയും ചെയ്തു.
  - ➔ 1992-ൽ അദ്ദേഹം എൽഎസ്ഇയിൽ സെന്റർ ഫോർ ദി സ്റ്റഡി ഓഫ് ഗ്ലോബൽ ഗവർണൻസ് സ്ഥാപിച്ചു. എൽഎസ്ഇയുടെ ഡെവലപ്മെന്റ് സ്റ്റഡീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറും സ്ഥാപകാംഗവുമായിരുന്നു അദ്ദേഹം.
  - ➔ 2008-ൽ രാജ്യം അദ്ദേഹത്തെ പദ്മഭൂഷൺ നൽകി ആദരിച്ചു.

- 2025 ആഗസ്റ്റിൽ അന്തരിച്ച പ്രശസ്ത മിമിക്രി കലാകാരനും, ചലച്ചിത്ര നടനുമായിരുന്ന വ്യക്തി - കലാഭവൻ നവാസ്
  - ➔ പ്രശസ്ത മലയാളം നടൻ അബൂബക്കറിന്റെ മകനാണ് കലാഭവൻ നവാസ്.
  - ➔ 1995-ൽ ചൈതന്യം എന്ന ചിത്രത്തിലൂടെയാണ് സിനിമയിൽ അരങ്ങേറ്റം കുറിക്കുന്നത്.
  - ➔ ജൂനിയർ മാൻഡ്രേക്ക്, അമ്മ അമ്മായിയമ്മ, മീനാക്ഷി കല്യാണം, മാട്ടുപ്പെട്ടി മച്ചാൻ, ചന്ദാമാമ, മൈ ഡിയർ കരടി, വൺമാൻ ഷോ, വെട്ടം, ചട്ടമ്പിനാട്, കോബ്ര, എബിസിഡി, മൈലാഞ്ചി മൊഞ്ചുള്ള വീട്, മേരാ നാം ഷാജി തുടങ്ങിയ നിരവധി ചിത്രങ്ങളിൽ അദ്ദേഹം അഭിനയിച്ചിട്ടുണ്ട്.

- 2025 ആഗസ്റ്റിൽ അന്തരിച്ച ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി - ഷിബു സോറൻ
  - ➔ എട്ട് തവണ ലോക്സഭാംഗമായ ഷിബു സോറൻ മൂന്ന് തവണ വീതം കേന്ദ്ര കൽക്കരി വകുപ്പ് മന്ത്രിയായും ജാർഖണ്ഡ് മുഖ്യമന്ത്രിയായും പ്രവർത്തിച്ചിട്ടുണ്ട്.
  - ➔ 1944 ജനുവരി ഒന്നിന് സന്താൾ ആദിവാസി കുടുംബത്തിൽ ജനിച്ച ഷിബു സോറൻ 1962-ൽ പതിനെട്ടാമത്തെ വയസിൽ സന്താൾ നവയുക്ത് സംഘ് എന്ന പ്രസ്ഥാനം രൂപികരിച്ചു.
  - ➔ 1972-ൽ ബീഹാറിൽനിന്നു വിഭജിച്ച് മറ്റൊരു സംസ്ഥാനം വേണമെന്ന ആവശ്യം ഉയർത്തി ജാർഖണ്ഡ് മുക്തി മോർച്ച എന്ന പുതിയൊരു പാർട്ടി രൂപികരിച്ചു.
  - ➔ മകൻ ഹേമന്ത് സോറൻ നിലവിൽ ജാർഖണ്ഡ് മുഖ്യമന്ത്രിയാണ്.

- 2025 ആഗസ്റ്റിൽ അന്തരിച്ച പ്രേംനസീറിന്റെ മകനും നടനുമായ വ്യക്തി - ഷാനവാസ്
  - ➔ മലയാളം, തമിഴ് ഭാഷകളിലായി 96 സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.
  - ➔ ബാലചന്ദ്രമേനോൻ സംവിധാനം ചെയ്ത 'പ്രേമഗീതങ്ങൾ' ആണ് ആദ്യ ചിത്രം.

- 2025 ആഗസ്റ്റിൽ അന്തരിച്ച നാഗാലാൻഡ് ഗവർണർ - ലാ ഗണേശൻ

- 2025 ആഗസ്റ്റിൽ അന്തരിച്ച മുൻ ഓസ്ട്രേലിയൻ ക്രിക്കറ്റ് താരം - ബോബ് സിംപ്സൺ
  - ➔ ഓസ്ട്രേലിയൻ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റനും പരിശീലകനുമായിരുന്ന പ്രശസ്ത ക്രിക്കറ്റർ ആണ് ബോബ് സിംപ്സൺ.
  - ➔ 1957-നും 1978 നും ഇടയിൽ ഓസ്ട്രേലിയൻ ദേശീയ ടീമിനായി 62 ടെസ്റ്റ് മത്സരങ്ങളിൽ കളിച്ച അദ്ദേഹം 46.81 ശരാശരിയിൽ 4869 റൺസ് നേടി.

- 1986 മുതൽ 1996 വരെ ഓസ്ട്രേലിയൻ ക്രിക്കറ്റ് ടീമിന്റെ പരിശീലകനായിരുന്നു.

# സൈനികാഭ്യാസം

- 2025 ആഗസ്റ്റിൽ ശ്രീലങ്കയിൽ നടന്ന ഇന്ത്യ-ശ്രീലങ്ക നാവിക അഭ്യാസം - സ്ലിനെക്സ്-25 (SLINEX-25)
  - സ്ലിനെക്സ്-25 ന്റെ 12-ാമത് പതിപ്പിനാണ് ശ്രീലങ്ക വേദിയായത്.

- 2025 ആഗസ്റ്റിൽ ശ്രീലങ്കയിൽ നടന്ന ഇന്ത്യ-ശ്രീലങ്ക നാവിക അഭ്യാസമായ സ്ലിനെക്സ്-25 (SLINEX-25) ൽ പങ്കെടുത്ത ഇന്ത്യൻ നാവിക കപ്പലുകൾ - ഐഎൻഎസ് റാണ, ഐഎൻഎസ് ജ്യോതി

# വേദികൾ

- 2026ലെ എഐ ഇംപാക്റ്റ് ഉച്ചകോടിയുടെ വേദി - ന്യൂ ഡൽഹി, ഇന്ത്യ

- 2027 ലെ കോമൺവെൽത്ത് യൂത്ത് ഗെയിംസിന്റെ വേദി - മാൾട്ട
  - കോമൺവെൽത്ത് യൂത്ത് ഗെയിംസിന്റെ 8-ാമത് പതിപ്പിനാണ് മാൾട്ട ആതിഥേയത്വം വഹിക്കുന്നത്.

- ബിംസ്റ്റെക് പരമ്പരാഗത സംഗീതോത്സവത്തിന്റെ ആദ്യത്തെ പതിപ്പിന്റെ വേദി - ന്യൂ ഡൽഹി

- 2025ലെ കേരള ഫിലിം പോളിസി കോൺക്ലേവിന് വേദിയായത് - തിരുവനന്തപുരം

- ഇന്ത്യ ആദ്യമായി ആതിഥേയത്വം വഹിക്കുന്ന  വേൾഡ് അത്‌ലറ്റിക്സ് ബ്രോൺസ് ലെവൽ കോണ്ടിനെന്റൽ ടൂറിന്റെ വേദി - ഭുവനേശ്വർ

- കരയാൽ ചുറ്റപ്പെട്ട വികസ്വര രാഷ്ട്രങ്ങളുടെ മൂന്നാമത് ഐക്യരാഷ്ട്ര സമ്മേളനത്തിന്റെ  വേദി - ആവാസ, തുർക്മെനിസ്ഥാൻ
    - ➔ 2025 Theme - “Driving progress through partnerships”

- ഉക്രെയ്ൻ-റഷ്യ യുദ്ധം അവസാനിപ്പിക്കാൻ 2025 ആഗസ്റ്റിൽ നടന്ന പുടിൻ-ട്രംപ് ഉച്ചകോടിക്ക് വേദിയായത് - അലാസ്ക

- 2025ലെ ഷാങ്ഹായി കോർപ്പറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയുടെ വേദി - ടിയാൻജിൻ, ചൈന

# പ്രധാന ദിനങ്ങൾ

- ഹിരോഷിമ ദിനം - ആഗസ്റ്റ് 06
    - ➔ രണ്ടാം ലോക മഹായുദ്ധകാലത്ത് 1945 ആഗസ്റ്റ് 6-ന് രാവിലെ 8.15-നാണ് അമേരിക്ക ജപ്പാനിലെ ഹിരോഷിമയിൽ അണുബോംബ് വർഷിച്ചത്.
    - ➔ കേണൽ പോൾ ടിബ്ബെറ്റ്സ് പൈലറ്റായിരുന്ന അമേരിക്കൻ വ്യോമസേനയുടെ B-29 സൂപ്പർഫോർട്രെസ്സ് എനോള ഗേ എന്ന യുദ്ധവിമാനമാണ് ബോംബിട്ടത്.

- ദേശീയ കൈത്തറി ദിനം - ആഗസ്റ്റ് 07

- 1905 ആഗസ്റ്റ് 7-ന് കൊൽക്കത്തയിൽ സ്വദേശി പ്രസ്ഥാനം ആരംഭിച്ചതിന്റെ ഓർമ്മയ്ക്കാണ് ഈ ദിവസം ദേശീയ കൈത്തറി ദിനമായി ആചരിക്കുന്നത്.
- 2015-ലെ ആഗസ്റ്റ് 7-ാം തീയതിയാണ് ആദ്യത്തെ ദേശീയ കൈത്തറി ദിനം ആചരിക്കപ്പെട്ടത്.

- കിറ്റ് ഇന്ത്യ ദിനം - ആഗസ്റ്റ് 09
  - 1942 ഓഗസ്റ്റ് ഒൻപതിനാണ് കിറ്റ് ഇന്ത്യ പ്രക്ഷോഭങ്ങൾ ആരംഭിച്ചത്. ഇതിന്റെ ഓർമ്മയ്ക്കാണ് ഈ ദിവസം കിറ്റ് ഇന്ത്യ ദിനമായി ആചരിക്കുന്നത്.

- നാഗാസാക്കി ദിനം - ആഗസ്റ്റ് 09
  - 1945 ആഗസ്ത് 9-ന് അമേരിക്ക ജപ്പാനിലെ നാഗസാക്കിയിൽ 'ഫാറ്റ് മാൻ ' എന്ന രണ്ടാമത്തെ അണുബോംബ് വർഷിച്ചു. ഇതിന്റെ ഓർമ്മയ്ക്കാണ് ഈ ദിവസം നാഗാസാക്കി ദിനമായി ആചരിക്കുന്നത്.

- പാകിസ്ഥാന്റെ സ്വാതന്ത്ര്യ ദിനം - ആഗസ്റ്റ് 14

- ഇന്ത്യൻ സ്വാതന്ത്ര്യ ദിനം - ആഗസ്റ്റ് 15
  - 79-ാമത് സ്വാതന്ത്ര്യദിനമാണ് രാജ്യം 2025 ൽ ആഘോഷിക്കുന്നത്.
  - ബ്രിട്ടീഷ് ഭരണം അവസാനിപ്പിച്ച് ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന്റെയും, 1947-ൽ ഇന്ത്യ ഒരു സ്വതന്ത്ര രാജ്യമായതിന്റെയും ഓർമ്മക്കായി എല്ലാ വർഷവും ഓഗസ്റ്റ് 15-ന് ഇന്ത്യയിൽ സ്വാതന്ത്ര്യ ദിനമായി ആചരിക്കുന്നു.

- ദേശീയ സദ്ഭാവന ദിനം - ആഗസ്റ്റ് 20

- മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമാണ് ദേശീയ സദ്ഭാവന ദിനമായി ആചരിക്കുന്നത്.
- ഫിറോസ് ഗാന്ധിയുടെയും ഇന്ദിരാ ഗാന്ധിയുടേയും മൂത്ത മകനായി 1944 ഓഗസ്റ്റ് 20 നാണ് രാജീവ് ഗാന്ധി ജനിച്ചത്.

- ദേശീയ ബഹിരാകാശ ദിനം - ആഗസ്റ്റ് 23
  - 2025 Theme - ‘Aryabhatta to Gaganyaan: Ancient Wisdom to Infinite Possibilities’
  - 2023 ആഗസ്റ്റ് 23-നാണ് ഇന്ത്യയുടെ ചന്ദ്രയാൻ-3 ദൗത്യം ചന്ദ്രോപരിതലത്തിൽ വിക്രം ലാൻഡറിന്റെ സോഫ്റ്റ് ലാൻഡിങ് വിജയകരമായി പൂർത്തിയാക്കിയത്. അതിന്റെ ഓർമ്മയ്ക്കായാണ് ആഗസ്റ്റ് 23 ദേശീയ ബഹിരാകാശ ദിനമായി ആഘോഷിക്കുന്നത്.
  - ഇന്ത്യയുടെ പ്രഥമ ദേശീയ ബഹിരാകാശ ദിനം 2024 ആഗസ്റ്റ് 23 ന് ആഘോഷിച്ചു.

- സംസ്ഥാന ജീവകാരുണ്യ ദിനം - ആഗസ്റ്റ് 25
  - ചട്ടമ്പി സ്വാമികളുടെ ജന്മദിനം സംസ്ഥാന ജീവകാരുണ്യ ദിനമായി ആചരിക്കുന്നു.
  - തിരുവനന്തപുരത്തുള്ള കണ്ണൻമൂലയിലെ 'ഉള്ളൂർക്കോട് വീട്" എന്ന നായർ കുടുംബത്തിൽ 1853 ഓഗസ്റ്റ് 25നാണ് ചട്ടമ്പിസ്വാമികൾ ജനിച്ചത്.

- അയ്യങ്കാളി ജയന്തി - ആഗസ്റ്റ് 28
  - 1863 ആഗസ്റ്റ് 28 ന് തിരുവനന്തപുരത്തെ വെങ്ങാനൂരിലാണ് മഹാത്മാ അയ്യങ്കാളി ജനിച്ചത്.

- ദേശീയ കായിക ദിനം - ആഗസ്റ്റ് 29

- ഹോക്കി ഇതിഹാസമായ മേജർ ധ്യാൻ ചന്ദിന്റെ ജന്മദിനമായ ആഗസ്റ്റ് 29 ഇന്ത്യ ദേശീയ കായിക ദിനമായി ആചരിക്കുന്നു.

# Thank you



4.8 ★ Download the app now